TUESDAY 18/03/2025 ചൊവ്വാഴ്ച



# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**


**Chief Editor:** Haripriya Devi VV (I/C) **Editor:** Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 18/03/2025

1. കൃഷി വകുപ്പിൻറെയും മംഗലപുരം ഗ്രാമപഞ്ചായത്തിന്റെയും സംയുക്ത പദ്ധതിയിലുൾപ്പെടുത്തി ചിറയിൻകീഴ് നിയോജക മണ്ഡലത്തിലെ മംഗലപുരം കൃഷിഭവൻ സ്മാർട്ട് കൃഷിഭവനായി മാറ്റുന്നു. സ്മാർട്ട് കൃഷി ഭവൻറെ ഉദ്ഘാടനം 2025 മാർച്ച് 19 ബുധനാഴ്ച ചിറയിൻകീഴ് നിയോജകമണ്ഡലം എം.എൽ.എ വി.ശശി അവർകളുടെ അദ്ധ്യക്ഷതയിൽ കൃഷിവകുപ്പ് മന്ത്രി പി.പ്രസാദ് അവർകൾ ഉദ്ഘാടനം നിർവ്വഹിക്കുന്നു.

2. തെങ്ങിലെ കൂമ്പുചീയൽ നിയന്ത്രണത്തിന് ഉപയോഗിക്കാവുന്ന ട്രൈക്കോ ഡെർമ കൊയർപിത്ത് കേക്കുകൾ (Trichoderma coirpith cake) കണ്ണൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ വിൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ട് . പാർസൽ ആയും എത്തിച്ചു നൽകുന്നതാണ്. ആവശ്യമുള്ളവർ 8547675124 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

3. വെള്ളാനിക്കര കാർഷിക കോളേജ് പച്ചക്കറിശാസ്ത്ര വിഭാഗത്തിൽ അകാപോണിക് യൂണിറ്റില് വളർത്തിയ വരാല് മത്സ്യം വിൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ട്. ആവശ്യമുള്ളവർ 9847813402 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക. വില്പന സമയം രാവിലെ 9 മാണി മുതൽ വൈകിട്ട് 4 മാണി വരെയായിരിക്കും.

4. റബ്ബർമേഖലയിലെ ചെറുകിടതോട്ടമുടമകൾക്കും എസ്റ്റേറ്റുടമകൾക്കുമായി യൂറോപ്യൻ യൂണിയന്റെ വനനശീകരണ ചട്ടങ്ങളുമായി (ഇ.യു.ഡി.ആർ.) ബന്ധപ്പെട്ട് റബ്ബർബോർഡ് അവബോധനപരിപാടി സംഘടിപ്പിക്കുന്നു. 2025 മാർച്ച് 24 ന് കോട്ടയത്തും, 2025 മാർച്ച് 25 ന് തിരുവനന്തപുരത്തും 2025 മാർച്ച് 27 ന് മംഗലാപുരത്തുമാണ് പരിപാടികൾ നടക്കുക. അവബോധന പരിപാടിയിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

2025 മാർച്ച് 19 നകം റബ്ബർ ബോർഡിന്റെ വെബ്സൈറ്റിൽ എന്ന www.rubberboard.gov.in ലഭ്യമായ ഗൂഗിൾ ഫോമിൽ വിവരങ്ങൾ നൽകി രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇന്ത്യയിൽ ഉത്പാദിപ്പിക്കുന്ന റബ്ബർ യൂറോപ്യൻ യൂണിയന്റെ വനനശീകരണ ചട്ടങ്ങൾ (ഇ.യു.ഡി.ആർ.) അനുസരിച്ചുള്ള ഇന്ത്യൻ സുസ്ഥിര പ്രകൃതിദത്തറബ്ബർ (ഐ .എസ്.എൻ.ആർ.) ആണെന്ന് സാക്ഷ്യപ്പെടുത്തേണ്ടതിന്റെ ഭാഗമായാണ് ഇപ്പോൾ ജിയോ മാപ്പിങ് ചെയ്യുന്നത്. പ്രകൃതിദത്തറബ്ബറിന്റെ വ്യവസായത്തിൽ ഇന്ത്യയുടെ അന്താരാഷ്ട്ര നിലവാരം ഉയർത്തുക എന്നതാണ് ഈ സംരംഭത്തിന്റെ ലക്ഷ്യം. ജിയോ മാപ്പിങ്ങിനായി ഹൈദരാബാദ് കേന്ദ്രമായി പ്രവർത്തിക്കുന്ന ട്രയമ്പു ടെക് സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തെയാണ് റബ്ബർബോർഡ് നിയോഗിച്ചിട്ടുള്ളത്.

### പരിശീലന പരിപാടി

5. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ. ഐ .ആർ.റ്റി.) ഇടവേള കൂടിയ ടാപ്പിങ് രീതികൾ, നിയന്ത്രിതകമിഴ്ത്തിവെട്ട്, ഉത്തേജകൗഷധപ്രയോഗം എന്നിവയിൽ പരിശീലനം നൽകുന്നു. കോട്ടയത്തുള്ള എൻ. ഐ.ആർ.റ്റി.-യിൽ വെച്ച് മാർച്ച് 25-ന് നടത്തുന്ന പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 9495928077 എന്ന ഫോൺ നമ്പരിലോ 04812351313 എന്ന വാട്ട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാവുന്നതാണ്. ഇ മെയിൽ :training@rubberboard.org. in

6. വെള്ളാനിക്കര കർഷകഭവനത്തിൽ 2025 മാർച്ച് 22 ന് രാവിലെ 10 മുതൽ വൈകുന്നേരം 4 വരെ **വളരുന്ന മൈക്രോഗ്രീൻസ്** എന്ന വിഷയത്തിൽ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. താൽപ്പര്യമുള്ളവർ ഓഫീസ് നമ്പറായ 0487-2371104-ൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യുക രജിസ്ട്രേഷൻ സൗജന്യമാണ്. 30 സീറ്റുകൾ മാത്രം.

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**കാർഷിക നിർദേശം -**

പുഴുവില്ലാത്ത മാമ്പഴം കിട്ടുവാൻ വിളഞ്ഞ മാങ്ങകൾ പറിച്ചെടുത്ത് ഒരു ബക്കറ്റ്തിളച്ച വെള്ളവും, മുക്കാൽ ബക്കറ്റ് സാധാരണ ഊഷ്മാവിൽ ഉള്ള വെള്ളവും കൂട്ടി ചേർത്തതിൽ ലിറ്ററിന് 1 ഗ്രാം എന്നതോതിൽ കറിയുപ്പ്ചേർത്ത് 15 മിനിറ്റോളം മുക്കിവയ്ക്കുക. അതിന് ശേഷം ഈ മാങ്ങ പുറത്തെടുത്ത് സാധാരണ വെള്ളത്തിൽ കഴുകിതുടച്ചതിനുശേഷം പാക്ക്ചെയ്യുകയോ പഴുപ്പിക്കാൻ വെയ്ക്കുകയോ ചെയ്താൽ പുഴുവില്ലാത്ത മാമ്പഴം കഴിക്കാം.

നാട്ടുമരങ്ങളിൽ വ്യാപകമായി കാണപ്പെടുന്ന ഒരു ഉപദ്രവകാരിയായ കളയാണ് ഇത്തിക്കണ്ണികൾ. മാവ്, പ്ലാവ്, സപ്പോട്ട എന്നിങ്ങനെ പല ഫല വൃക്ഷങ്ങളിലും റബ്ബർ, കശുമാവ്തുടങ്ങിയ നാണ്യവിളകളിലും ഇതു ധാരാളമായി കാണപ്പെടുന്നു. ഇവവിളകളുടെ ഉൽപ്പാദനം കുറയ്ക്കുകയും ഗുണനിലവാരത്തെ ബാധിക്കുകയും ചെയ്യുന്നതിനാൽ ഇവയുടെ നിയന്ത്രണം അനിവാര്യമാണ്. ഇത്തിൾക്കണ്ണിയുടെ നിവാരണത്തിനായി എത്രൽ എന്ന ഹോർമോൺ 25 മില്ലി ഒരു ലിറ്റർവെള്ളത്തിൽ കലക്കി തളിക്കണം. റോക്കർസ്പ്രേയർ എന്ന ഉപകരണമാണ് സാധാരണയായി ഉപയോഗിക്കുന്നത്. ഇലകൾ വീണ്ടും തളിർത്തു വരുന്ന പ്രധാന വേരുകളിൽ 2, 4 - D എന്ന കളനാശിനി 1 ഗ്രാം 20 മി.ല്ലിവെള്ളത്തിൽ എന്ന തോതിൽ പഞ്ഞിയിൽ നനച്ച് വെച്ച്കെട്ടുന്നത് വഴിഇവയുടെവളർച്ച പൂർണ്ണമായും തടയാം. കൂടാതെ വേനൽക്കാലത്ത്ചെറിയ തോതിലുള്ള ഇത്തിൾക്കണ്ണികളെഉപ്പ്തളിരിൽവെച്ച്കെട്ടി നിയന്ത്രിക്കാം.